"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - കോഴിക്കോട് ജില്ലയിലെ കോതി-പള്ളിക്കണ്ടി പാലം അനുബന്ധ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് എൽ.എ.ആർ നമ്പർ. 04/2016 കേസിന്റെ ലോക് അദാലത് സെറ്റിൽമെന്റ് പ്രകാരമുള്ള അവാർഡ് തുക അനുവദിക്കുന്നതിനായി പുതുക്കിയ ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.902/2025/PWD തീയതി,തിരുവനന്തപുരം, 21-06-2025

---

പരാമർശം:- 1. 11.11.2024 തീയതിയിലെ സ,ഉ,(സാധാ) നമ്പർ.1138/2024/പി.ഡബ്ലിയു.ഡി.

2. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനിയറുടെ 03.05.2025 തീയതിയിലെ CEPWD/21596/2022-FR10-PWD നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ കോതി പള്ളിക്കണ്ടി അനുബന്ധ റോഡ് നിർമാണവുമായി ബന്ധപ്പെട്ട് വിവിധ കേസുകൾക്ക് വിധിത്തുക അടവാക്കുന്നതിനായി പരാമർശം (1) പ്രകാരം 1,36,06,521/- രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ടായിരുന്നു.

2) കോഴിക്കോട് ജില്ലയിലെ കോതി പള്ളിക്കണ്ടി പാലം അനുബന്ധ റോഡ് നിർമാണവുമായി ബന്ധപ്പെട്ട എൽ.എ.ആർ നമ്പർ. 04/2016 കേസ് 19/03/2025 തീയതിയിലെ അദാലത്തിൽ ഉൾപ്പെടുത്തുകയും അദാലത് സെറ്റിൽമെന്റ് പ്രകാരമുള്ള അവാർഡ് തുകയായി 1,12,795/- രൂപ ആവശ്യമുണ്ടെന്നും പരാമർശിത ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയ തുകയായ 1,36,06,521/- രൂപയോടൊപ്പം സെറ്റിൽമെന്റ് പ്രകാരം ഇപ്പോൾ ആവശ്യമുള്ള 1,12,795/- രൂപയും ചേർത്ത് 1,37,19,316/- രൂപയുടെ പുതുക്കിയ ഭരണാനുമതി 5054-04-337-80-(PC) എന്ന ശീർഷകത്തിൽ അനുവദിച്ച് നൽകണമെന്ന് പരാമർശം (2) പ്രകാരം പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട്

ജില്ലയിലെ കോതി-പള്ളിക്കണ്ടി പാലം അനുബന്ധ റോഡ് നിർമാണവുമായി ബന്ധപ്പെട്ട് പരാമർശിത ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയ തുകയായ 1,36,06,521/- രൂപയോടൊപ്പം എൽ.എ.ആർ നമ്പർ. 04/2016 കേസിന്റെ ലോക് അദാലത് സെറ്റിൽമെന്റ് പ്രകാരമുള്ള അവാർഡ് തുകയായ 1,12,795/- രൂപയും ചേർത്ത് 1,37,19,316/- രൂപയുടെ (ഒരു കോടി മുപ്പത്തി ഏഴ് ലക്ഷത്തി പത്തൊൻപതിനായിരത്തി മുന്നൂറ്റി പതിനാറ് രൂപ മാത്രം) പുതുക്കിയ ഭരണാനുമതി 5054-04-337-80-(PC) എന്ന ശീർഷകത്തിൽ അനുവദിച്ച് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SUJITHA KUMARI S S**

ഡെപ്യൂട്ടി സെക്രട്ടറി

ചീഫ് എഞ്ചിനീയർ, പാലങ്ങൾ വിഭാഗം

ജില്ല കളക്ടർ , കോഴിക്കോട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്&എ&ഇ),കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ(വെബ് &ന്യൂ മീഡിയ),ഐ&പി.ആർ.ഡി

കരുതൽ ഫയൽ - **D1/262/2025-PWD**

ഉത്തരവിൻ പ്രകാരം

Signed by
Chithra G S
Date: 21-06-2025 11:09:57

സെക്ഷൻ ഓഫീസർ